**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3849** **09-10-2025 - ൽ മറുപടിയ്ക്ക്**

**പുതിയ ബസ്സുകളും സർവ്വീസുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ 2023 ജനുവരി 1 മുതൽ വാങ്ങിയതും ഇനി വാങ്ങാൻ തീരുമാനിച്ചതുമായ ബസ്സുകൾ എത്രയാണെന്നും ഏതൊക്കെ തരത്തിലുള്ളതാണെന്നും വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ 2023 ജനുവരി 1 മുതൽ വാങ്ങിയതും ഇനി വാങ്ങാൻ തീരുമാനിച്ചതുമായ ബസ്സുകളുടെ വിവരം അനുബന്ധം - I ആയി ചേർക്കുന്നു.<br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് 2023 ജനുവരി 1 മുതൽ രജിസ്റ്റർ ചെയ്ത പുതിയ ബസ്സുകളുടെ തരം, തീയതി എന്നിവ അനുബന്ധം - II ആയി ചേർക്കുന്നു.<br><br>ഇതിന് പുറമേ വിതരണ ഉത്തരവ് നല്കിയതിൽ രണ്ട് 15 മീറ്റർ എ.സി. സ്ലീപ്പർ (വോൾവോ), ഒരു 13.5 മീറ്റർ എ.സി. സ്ലീപ്പർ, പത്ത് 10.5 മീറ്റർ എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ഉൾപ്പടെ 13 ബസ്സുകൾ ലഭ്യമാകുന്നതാണ്. |
| (ബി) | ഇത്തരം പുതിയ ബസ്സുകൾ ഏതൊക്കെ മേഖലയിൽ സർവീസ് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | വോൾവോ, എ.സി. സ്ലീപ്പർ, എ.സി. സീറ്റർ കം സ്ലീപ്പർ, എ.സി. സീറ്റർ, പ്രീമിയം സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഫാസ്റ്റ് പാസഞ്ചർ ലിങ്ക് ബസ്, മിനി ബസ് എന്നീ തരം ബസ്സുകൾ പുതുതായി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ വോൾവോ, എ.സി. സ്ലീപ്പർ, എ.സി. സീറ്റർ കം സ്ലീപ്പർ, എ.സി. സീറ്റർ ബസ്സുകൾ ബെംഗളൂരു, മൈസൂർ, ചെന്നൈ, കൊല്ലൂർ - മൂകാംബിക എന്നീ പ്രധാന അന്തർ സംസ്ഥാന റൂട്ടുകളിൽ സർവീസ് നടത്തുന്നതിനും സൂപ്പർ ഫാസ്റ്റ് പ്രീമിയം, ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ കേരളത്തിനുള്ളിലെ വിവിധ ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള ദീർഘദൂര സർവീസുകൾക്കുമാണ് ഉപയോഗിച്ച് വരുന്നത്. കൂടാതെ മിനി ബസ്സുകൾ ഗ്രാമീണ റൂട്ടുകളിലും താരതമ്യേന വീതി കുറഞ്ഞതും വലിയ ബസ്സുകൾ പോകാൻ കഴിയാത്ത റൂട്ടിലും സർവീസ് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| Type of Bus | 04.10.2025 വരെ ലഭിച്ച ബസ്സുകളുടെ വിവരം | വാങ്ങാൻ തീരുമാനിച്ച ബസ്സുകളുടെ എണ്ണം |
|---|---|---|
| Bharat Benz | 1 No. | - |
| Fully Built 9 mtr Ordinary Bus | 10 Nos | 40 |
| Fully Built 11.5 mtr Fast Passenger | 19 Nos | 31 |
| Fully Built 11.5 mtr Super Fast Passenger | 55 Nos | 55 |
| Fully Built 10.5 mtr Short Distance Fast Passenger | 27 Nos | - |
| Total | 112 Nos | 126 Nos |

Section Officer

## അനുബന്ധം - II

| SL NO | TYPE | MAKE | QTY (Nos) | From |
|---|---|---|---|---|
| 1 | SUPER FAST AIR BUS | LEYLAND | 131 | 04.04.2023 |
| 2 | AC SLEEPER CUM SEATER | LEYLAND | 1 | 26.08.2023 |
| 3 | NON-AC SLEEPER CUM SEATER | LEYLAND | 1 | 26.08.2023 |
| 4 | NON-AC 9 MTR ELECTRIC BUS | Eicher | 80 | 26.08.2023 |
| 5 | NON-AC 9 MTR ELECTRIC BUS | PMI | 43 | 26.08.2023 |
| 6 | SUPER FAST AIR BUS | LEYLAND | 20 | 11.01.2024 |
| 7 | NON-AC ELECTRIC OPEN DOUBLE DECKER | SWITCH MOBILITY | 2 | 15.02.2024 |
| 8 | AC PREMIUM SUPER FAST BUS | TATA | 13 | 15.10.2024 |
| 9 | 15 Mtr AC Seater | VOLVO | 4 | 21.08.2025 |
| 10 | 13.5 Mtr AC Seater | LEYLAND | 8 | 21.08.2025 |
| 11 | 13.5 Mtr AC Seater cum Sleeper | LEYLAND | 10 | 21.08.2025 |
| 12 | 13.5 Mtr AC Sleeper | LEYLAND | 7 | 21.08.2025 |
| ആകെ | | | 320 | |

Section Officer.